# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 126 — 06.03.2017-ൽ മറുപടിക്ക്

### നോട്ട് നിരോധനവും തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തനവും

**ചോദ്യം**

ശ്രീ.സി. ദിവാകരൻ
,, ആർ. രാമചന്ദ്രൻ
,, കെ. രാജൻ
,, മുഹമ്മദ് മുഹസിൻ പി.

എ) നോട്ട് അസാധുവാക്കൽ തീരുമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ എത്രത്തോളം ബാധിച്ചുവെന്ന് വിശദമാക്കുമോ;

**ഉത്തരം**

ഡോ. കെ. ടി. ജലീൽ
(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)

എ) നോട്ട് അസാധുവാക്കൽ തീരുമാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ട്. പണമില്ലാത്തതിനാൽ വസ്തു നികുതി, ലൈസൻസ് ഫീസ് തുടങ്ങിയ നികുതികൾ പഞ്ചായത്താഫീസിൽ ഒടുക്കുന്നതിന് പൊതുജനങ്ങൾക്ക് കഴിയാതെ വന്നത് പഞ്ചായത്തുകളുടെ വരുമാനത്തെ ബാധിച്ചു. ഒരു അക്കൗണ്ടിൽ നിന്ന് ഒരു ആഴ്ചയിൽ പിൻവലിക്കാവുന്ന തുക 24000/- രൂപയായി നിജപ്പെടുത്തിയിരുന്നതിനാൽ ശമ്പളം കൃത്യമായി കൊടുക്കുന്നതിന് കഴിഞ്ഞിരുന്നില്ല. വിവിധ പ്രവൃത്തികൾക്ക് യഥാസമയം തുക നൽകാൻ കഴിയാതെ വന്നതിനാൽ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ആരും തയ്യാറാകാത്തത് അടിയന്തിര പ്രാധാന്യത്തോടെ ചെയ്യേണ്ട പ്രവൃത്തികളുടെ നിർവ്വഹണത്തെ ബാധിച്ചിട്ടുണ്ട്.

ട്രഷറികൾ, ബാങ്കുകൾ എന്നിവയുടെ ഇടപാടുകളിൽ റിസർവ്വ് ബാങ്ക് നിയന്ത്രണം ഏർപ്പെടുത്തിയതിനെ തുടർന്ന് ആവശ്യമായ തുക യഥാസമയം പിൻവലിക്കാൻ സാധിക്കാത്തത് നഗരസഭകളുടെ പ്രവർത്തനത്തെയും പദ്ധതി, നിർമ്മാണ പ്രവർത്തനങ്ങളേയും സ്തംഭനാവസ്ഥയിലാക്കി.

സംസ്ഥാനത്തെ നഗരങ്ങളെ O.D.F ആയി പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി കണ്ടെത്തിയ ഗുണഭോക്താക്കൾക്ക് ഫണ്ട് കൈമാറുന്നതിന് കാലതാമസം ഉണ്ടായി.

ട്രഷറികൾ വഴി ബ്ലോക്ക് പഞ്ചായത്തുകളുടെ

| | |
|---|---|
| | പണമിടപാട് വളരെയധികം ബുദ്ധിമുട്ടുള്ളതായി തീരുകയും ടെന്റർ നടപടികൾ ആരംഭിക്കാൻ സാധിക്കാതെ വരികയും ആയതിന്റെ ഫലമായി പദ്ധതി ചെലവ് വളരെ കുറയുകയും ചെയ്തു. |
| ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങളെ നോട്ട് നിരോധനം ദോഷകരമായി ബാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | ബി) നോട്ട് അസാധുവാക്കൽ തീരുമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഒരു അക്കൗണ്ടിൽ നിന്ന് ഒരു സമയം പിൻവലിക്കാവുന്ന തുകയ്ക്ക് നിയന്ത്രണം ഏർപ്പെടുത്തിയത് കാരണം ട്രഷറികളിൽ സമർപ്പിച്ച ബില്ലുകൾ മാറാൻ കഴിയാതിരുന്നത് പദ്ധതി പ്രവർത്തനങ്ങളെ സാരമായി ബാധിച്ചു. ഇത് പദ്ധതി ചെലവ് പുരോഗതിയെയും ബാധിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയാതിരുന്നത് ജനങ്ങൾക്ക് സമയബന്ധിതമായി സേവനം നൽകുന്നതിന് തടസ്സം സൃഷ്ടിച്ചിട്ടുണ്ട്. |
| സി) തദ്ദേശ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പദ്ധതികളിൽ ഭൂരിഭാഗവും തൊഴിലാളി കേന്ദ്രീകൃത പദ്ധതികൾ ആയതിനാൽ തൊഴിലാളികൾക്ക് യഥാസമയം കൂലി നൽകാൻ സാധിക്കാതിരുന്നത് പ്രസ്തുത പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിക്ക് വിഘാതം സൃഷ്ടിച്ചോയെന്ന് അറിയിക്കുമോ? | സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്ന റോഡ് നിർമ്മാണം, മെയിന്റനൻസ്, തുടങ്ങിയ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തൊഴിലാളികൾക്ക് കൃത്യമായി ശമ്പളം നൽകാൻ കരാറുകാർക്ക് കഴിയാതിരിക്കുകയും വികസന പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് കാലതാമസം നേരിടുകയും ചെയ്തതിനാൽ വികസന പ്രവർത്തനങ്ങളെ നോട്ട് നിരോധനം കാര്യമായി ബാധിച്ചിട്ടുണ്ട്. സംസ്ഥാനത്തെ നഗരസഭകളിൽ നടപ്പിലാക്കുന്ന പ്രധാനപ്പെട്ട തൊഴിലാളി കേന്ദ്രീകൃത പദ്ധതി അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയാണ്. ട്രഷറി ബാങ്കിംഗ് നിയന്ത്രണങ്ങൾ ടി പദ്ധതിയുടെ പ്രവർത്തനത്തെയും ബാധിച്ചിട്ടുണ്ട്. |

Liya

സെക്ഷൻ ഓഫീസർ